പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 207 26-03-2013-ൽ മറുപടിക്ക്.

ഗ്രാമങ്ങളിൽ ഫ്ളാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി സജീന്ദ്രൻ.<br>" കെ. മുരളീധരൻ<br>" അൻവർ സാദത്ത് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമിയുടെ ദൗർലഭ്യവും മറ്റും കണക്കിലെടുത്ത് ഗ്രാമങ്ങളിലേയ്ക്ക് ഫ്ളാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം വ്യാപിപ്പിക്കുന്നതിന് ഹൗസിംഗ് ബോർഡ് വഴി സാഫല്യം ഭവന പദ്ധതി, സങ്കേതം ഭവനനിർമ്മാണ പദ്ധതി എന്നിവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം എന്തെല്ലാം; | (ബി) (a) <u>സാഫല്യം ഭവന പദ്ധതി</u><br>സമൂഹത്തിലെ ഭൂഭവനരഹിതരായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ആദ്യഘട്ടമായി കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് മലപ്പുറം, പാലക്കാട് എന്നീ എട്ടു ജില്ലകളിൽ 10 പഞ്ചായത്തുകളിലായി 900 ഫ്ളാറ്റുകൾ |

നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ (പദ്ധതിച്ചെലവ് 33.13 കോടി രൂപ) 03-01-2013- ലെ ജി.ഒ. (എം.എസ്) 01/2013/ഭവനം ഉത്തരവിലൂടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 280 ചതുരശ്ര അടി (സർവിസ് ഒഴികെ) തറ വിസ്തീരണ്ണം വരുന്ന ഫ്ളാറ്റിൻെറ നിർമ്മാണ ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും (ഗുണഭോക്താവ് 168 മാസത്തവണകളായി പലിശ സഹിതം തിരികെ അടയ്ക്കണം ) 25,000/-രൂപ സന്നദ്ധസംഘടന വിഹിതവും ബാക്കി 25,000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആദ്യഘട്ടമായി താഴെപ്പറയും പ്രകാരം 400 ഫ്ളാറ്റുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| ചാത്തന്നൂർ - (കൊല്ലം ജില്ല ) | -48 |
| ചെട്ടികുളങ്ങര -(ആലപ്പുഴ) | -24 |
| അകലക്കുന്നം ( കോട്ടയം) | -48 |
| ചേളന്നൂർ ( കോഴിക്കോട് ) | - 66 |
| തിരുവാലി (മലപ്പുറം ) | - 60 |
| എലപ്പുള്ളി ( പാലക്കാട് ) | - 82 |
| പുതുക്കാട് (തൃശ്ശൂർ) | - 72 |

നിർമ്മാണപ്രവർത്തനങ്ങൾക്കായി ദർഘാസുകൾ ക്ഷണിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 8 ജില്ലകളിൽ പത്രങ്ങളിൽ പരസ്യപ്പെടുത്തി ഡിമാൻറ് സർവ്വേ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(b) തുച്ഛവരുമാനക്കാർക്കായുള്ള ഭവന നിർമ്മാണ പദ്ധതി (സങ്കേതം ഭവന നിർമ്മാണപദ്ധതി)

തുച്ഛവരുമാനക്കാർക്കായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റ് നിർമ്മിച്ച് നൽകാനായി ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) യും (ഡി) യും | പഞ്ചായത്തുകൾ/കാരുണ്യവാൻമാരായ വ്യക്തികൾ/ സന്നദ്ധ സംഘടനകൾ/ സർക്കാരിതരസംഘടനകൾ എന്നിവയുടെ സഹായ സഹകരണത്തോടുകൂടിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി വ്യാപകമായി പത്രം/ഇലക്ട്രോണിക് മാധ്യമ പരസ്യങ്ങൾ എന്നിവയിലൂടെ സന്നദ്ധ സംഘടനാപങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ